# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE:** 09.08.2025

### പ്രധാനവാർത്തകൾ

1. അറിവിന്റെയും ആവിഷ്ക്കാരത്തിന്റെയും കാലാതീതമായ ഉറവിടമാണ് സംസ്കൃതമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ലോക സംസ്കൃത ദിനത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി.

2. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത് ഇതുവരെ 34 കോടിയിലധികം രൂപയുടെ വരുമാനം നേടിയതായി കേന്ദ്രസർക്കാർ.

3. പട്ടികവർഗ വികസന വകുപ്പ് സുവർണ ജൂബിലി ആഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

4. ബന്ധുക്കളിൽ നിന്ന് ദുരനുഭവങ്ങൾ നേരിടുന്ന സ്കൂൾ വിദ്യാർത്ഥികളെ കണ്ടെത്തി സംരക്ഷണം ഉറപ്പാക്കാൻ പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകി പൊതുവിദ്യാഭ്യാസ വകുപ്പ്.

5. ആലപ്പുഴ കീച്ചേരിക്കടവ് പാലം നിർമാണത്തിനിടെ അപകടം ഉണ്ടായ സംഭവത്തിൽ കരാറുകാരനെ കരിമ്പട്ടികയിൽപ്പെടുത്തുമെന്ന് മന്ത്രി പി.എ.മുഹമ്മദ് റിയാസ്.

6. മലപ്പുറം ആതവനാട് ഗവൺമെന്റ് ഹൈസ്കൂളിൽ ചിക്കൻപോക്സ് വ്യാപനം; സ്കൂൾ ഭാഗികമായി അടച്ചു.

*****************************************************************************

RNU TVPM

## ലോക സംസ്കൃത ദിനം

ഇന്ന് ലോക സംസ്കൃത ദിനം. പുരാതന ഇന്ത്യൻ ഭാഷയായ സംസ്കൃതത്തിന്റെ പുനരുജ്ജീവനവും പരിപാലനവും പ്രോത്സാഹിപ്പിക്കുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ലോക സംസ്കൃത ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. സംസ്കൃതം അറിവിന്റെയും ആവിഷ്കാരത്തിന്റെയും കാലാതീതമായ ഉറവിടമാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

****************************************************************************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത് ഇതുവരെ 34 കോടിയിലധികം രൂപയുടെ വരുമാനം നേടിയതായി കേന്ദ്രസർക്കാർ. അധിക ചെലവുകൾ ഇല്ലാതെ നിലവിലെ ആഭ്യന്തരസൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് ആകാശവാണി പരിപാടി നിർമിക്കുന്നതെന്ന് കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുകൻ രാജ്യസഭയിൽ അറിയിച്ചു.

PNU TVPM

****************************************************************************************************

## മുഖ്യമന്ത്രി

പട്ടികവർഗ വികസന വകുപ്പിൻറെ സുവർണ ജൂബിലിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഒരുവർഷത്തെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും. മന്ത്രി ഒ.ആർ. കേളു അദ്ധ്യക്ഷനാകും. പട്ടികവർഗ

വിദ്യാർത്ഥികൾക്കായി പുതുതായി ആരംഭിക്കുന്ന സ്മാർട്ട് പഠനമുറി പദ്ധതിയുടെ പ്രഖ്യാപനവും ഉന്നതികളിലെ ദുരന്ത നിവാരണ മാർഗരേഖ പ്രകാശനവും മുഖ്യമന്ത്രി നിർവഹിക്കും. വിദേശ പഠനത്തിനുള്ള ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് ഓഫർ ലെറ്റർ മന്ത്രി കെ.എൻ.ബാലഗോപാൽ കൈമാറും. നൂറു ശതമാനം വിജയം നേടിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കുള്ള ട്രോഫി മന്ത്രി ജി.ആർ.അനിൽ വിതരണം ചെയ്യും.

************************************************************************************

## വി.ശിവൻകുട്ടി

ബന്ധുക്കളിൽ നിന്ന് ദുരനുഭവങ്ങൾ നേരിടുന്ന സ്കൂൾ വിദ്യാർത്ഥികളെ കണ്ടെത്തി സംരക്ഷണം നൽകാൻ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകി. സുരക്ഷാ മിത്രം എന്ന് പേരിട്ടിരിക്കുന്ന പദ്ധതിയിലൂടെ കുട്ടികൾ നേരിടുന്ന അതിക്രമങ്ങൾ കുറയ്ക്കാനും അത്തരം സംഭവങ്ങൾ ചെറുക്കാനും സാധിക്കുമെന്ന് പദ്ധതിയെ കുറിച്ച് വിശദീകരിച്ചുകൊണ്ട് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. കുട്ടികൾക്ക് സുരക്ഷിതമായി പരാതികൾ അറിയിക്കാൻ എല്ലാ സ്കൂളുകളിലും 'ഹെൽപ് ബോക്സ്' സ്ഥാപിക്കും. ആഴ്ചയിൽ ഒരിക്കൽ ഹെൽപ് ബോക്സ് തുറന്ന് റിപ്പോർട്ടുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്ന രീതിയിലായിരിക്കും ക്രമീകരണമെന്നും മന്ത്രി പറഞ്ഞു. നൂറനാട്ട് രണ്ടാനമ്മയുടെ അച്ഛൻറെയും മർദനമേറ്റ കുട്ടിയെ മന്ത്രി സന്ദർശിച്ചു.

RNU TVPM

************************************************************************************

## നൂറനാട് കേസ്

ആലപ്പുഴ കായംകുളം നൂറനാട്ടിൽ നാലാം ക്ലാസ് വിദ്യാർത്ഥിനിയെ മർദിച്ച കേസിൽ അച്ഛനും രണ്ടാനമ്മയും പിടിയിൽ. ഇവരെ ചോദ്യം ചെയ്തുവരികയാണ്. അച്ഛനെ ഒന്നാം പ്രതിയാക്കിയും രണ്ടാനമ്മയെ രണ്ടാം പ്രതിയാക്കിയുമാണ് പൊലീസ് കേസെടുത്തതിരിക്കുന്നത്. കുട്ടിക്ക് എല്ലാ സംരക്ഷണവും ഉറപ്പ് വരുത്തുമെന്ന് ബാലാവകാശ കമ്മീഷൻ അറിയിച്ചു.

****************************************************************

## പി.എ.മുഹമ്മദ് റിയാസ്

ആലപ്പുഴ കീച്ചേരിക്കടവ് പാലം തകർന്ന് രണ്ട് പേർ മരിച്ച സംഭവത്തിൽ കരാറുകാരനെ കരിമ്പട്ടികയിൽപ്പെടുത്തുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. പൊതുമരാമത്ത് വകുപ്പിലെ മൂന്നു ഉദ്യോഗസരെ സസ്പെൻഡ് ചെയ്യാനും മന്ത്രി നിർദേശം നൽകി. അപകടത്തെ കുറിച്ച് അന്വേഷിച്ച പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിൻറെ റിപ്പോർട്ട് പരിശോധിച്ചതായും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

****************************************************************

## മലപ്പുറം -ചിക്കൻപോക്സ്

മലപ്പുറം ജില്ലയിലെ തിരൂർ ആതവനാട് ഗവൺമെൻറ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് കൂട്ടത്തോടെ ചിക്കൻ പോക്സ് ബാധിച്ചതിനെ തുടർന്ന് സ്കൂൾ ഭാഗികമായി അടച്ചു. എൽ.പി, യു.പി വിഭാഗങ്ങൾ ഒരാഴ്ചത്തേക്ക് അടച്ചു. സ്കൂളിലെ 57 കുട്ടികൾക്കാണ് ചിക്കൻ പോക്സ് സ്ഥിരീകരിച്ചത്.

ഹൈസ്കൂൾ ക്ലാസുകൾ ആരോഗ്യവകുപ്പിൻറെ കർശന നിർദേശങ്ങൾ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്.

**********************************************************************

## വോട്ടർ പട്ടിക

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടർപട്ടിക പുതുക്കലിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ ഇന്നും നാളെയും തുറന്നു പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടിയിട്ടുണ്ട്. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

**********************************************************************

## മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

2024 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃശ്ശൂർ മണ്ഡലത്തിലെ അന്തിമ വോട്ടർപട്ടിക സംബന്ധിച്ച് ഒരു രാഷ്ട്രീയപാർട്ടിയും പരാതിയോ അപ്പീലോ നൽകിയിരുന്നില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ. പുതുക്കൽ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി 2024 ജനുവരി 22 ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചിരുന്നതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. വോട്ടർപട്ടികയിൽ ക്രമക്കേട് നടന്നു എന്ന സിപിഐഎം സ്ഥാനാർത്ഥി വിഎസ് സുനിൽകുമാറിന്റെ ആരോപണത്തിന് പിന്നാലെയാണ് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വിശദീകരണം. അതേസമയം - സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി പുറത്തിറക്കിയ വോട്ടർ

RNU TVPM

പട്ടികയിലെയും വാർഡ് വിഭജനത്തിലെയും പിഴവുകൾ തെരഞ്ഞെടുപ്പ് കമ്മീഷൻ തിരുത്തിയില്ലെങ്കിൽ ഹൈക്കോടതിയെ സമീപിക്കുമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി അറിയിച്ചു.

*********************************************************************************

## ഹർ ഘർ തിരംഗ

79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" ക്യാമ്പൻ പുരോഗമിക്കുന്നു. ഓഗസ്റ്റ് 15 വരെയാണ് ക്യാമ്പയിൻ. പരിപാടിയുടെ ഭാഗമായി തിരംഗ ഘോഷയാത്രകൾ, ശുചിത്വ റാലികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. കോഴിക്കോട് കൊയിലാണ്ടി നഗരസഭയിൽ നടന്ന ക്യാമ്പയിൻ ചെയർപേഴ്സൺ സുധാ കിഴക്കേപ്പാട്ട് ഉദ്ഘാടനം ചെയ്തു.

RNU TVPM

*********************************************************************************

## അമൃത് സരോവർ

കണ്ണൂർ ജില്ലയിലെ 30 അമൃത് സരോവർ സൈറ്റുകളിൽ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി വിവിധ പരിപാടികൾ നടത്താൻ തീരുമാനം. കാലാവസ്ഥ, ജല ലഭ്യത എന്നിവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തി വിവിധ കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കും. സ്വാതന്ത്ര്യ സമര സേനാനികൾ, പത്മ അവാർഡ് ജേതാക്കൾ, വിദ്യാർഥികൾ, തുടങ്ങിയവർ പങ്കെടുക്കും.

*********************************************************************************

## കണ്ണൂർ - സൈക്കിൾ റാലി

കണ്ണൂർ ഡി എസ് സി സെന്റർ, വയനാട് ചൂരൽമലയിലേക്ക് സംഘടിപ്പിച്ച ``**സൈക്കിൾ റാലി കം സ്പർശ് ഔട്ട്റീച്ച്**`` പ്രോഗ്രാം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഫ്ളാഗ് ഓഫ് ചെയ്തു. റാലി കോഴിക്കോട്, മലപ്പുറം വഴി ചൂരൽ മലയിൽ ഈ മാസം 14 ന് എത്തിച്ചേരും.

***************************************************************

## ഒളവെണ്ണ-കോഴിക്കോട് (ഇൻട്രോ)

79-ാമത് സ്വാതന്ത്ര്യദിനാഘോഷത്തിൽ വിശിഷ്ടാതിഥിയായി കോഴിക്കോട് ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി. ശാരുതി പങ്കെടുക്കും. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന സൂചികയുടെ ഭാഗമായി കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രായം ആദ്യമായി പ്രസിദ്ധീകരിച്ച റാങ്കിംഗിൽ ഒളവെണ്ണ എ ഗ്രേഡ് നേടിയിരുന്നു. കൂടാതെ പഞ്ചായത്ത് വികസന സൂചികയിൽ മികച്ച ഭരണം വിഭാഗത്തിൽ കേരളത്തിൽ നിന്ന് ഒന്നാമതെത്തിയതുമാണ് ഒളവണ്ണ ഗ്രാമപഞ്ചായത്തിനെ ശ്രദ്ധേയമാക്കിയത്. സ്വാതന്ത്ര്യദിനാഘോഷത്തിൽ വിശിഷ്ടാതിഥിയായി ക്ഷണം ലഭിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് ശ്രീമതി പി. ശാരുതി ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

***************************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ

RNU TVPM

ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

************************************************************************

## തദ്ദേശീയ ജനത- ബോധവത്കരണം (ഇൻട്രോ)

ഇന്ന് തദ്ദേശീയ ജനതയ്ക്കായുള്ള അന്താരാഷ്ട്ര ദിനം. ലോകത്തെ 90 രാജ്യങ്ങളിലായി 47.6 കോടിയിലധികം വരുന്ന തദ്ദേശീയ ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, അവർ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ഓഗസ്റ്റ് 9 ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ദിനാചരണം നടത്തുന്നത്. 'തദ്ദേശീയ ജനങ്ങളും നിർമിത ബുദ്ധിയും: അവകാശങ്ങൾ സംരക്ഷിക്കൽ ഭാവി രൂപപ്പെടുത്തൽ' എന്നതാണ് ഈ വർഷത്തെ ദിനാചാരണ പ്രമേയം. കേരളത്തിൽ തദ്ദേശഗോത്ര വിഭാഗങ്ങൾ അധിവസിക്കുന്ന ഉന്നതികൾ കൂടുതലായുള്ള വയനാട് ജില്ലയിൽ നിന്നും ആകാശവാണി പ്രതിനിധി **അരുൺ വിൻസന്റ്** **തയ്യാറാക്കിയ റിപ്പോർട്ട് ...**

RNU TVPM

**(വോയിസ്......)**

************************************************************************

## മലപ്പുറം -രജിസ്ട്രാർ ഓഫീസ്

മലപ്പുറം ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രീകരിച്ച് ഗുരുതര ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തൽ. ജില്ലയിലെ രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസ് കഴിഞ്ഞ ദിവസം നടത്തിയ മിന്നൽ പരിശോധനയിലാണ് ക്രമക്കേടുകൾ കണ്ടെത്തിയത്.

നിലമ്പൂർ, പെരിന്തൽമണ്ണ, മലപ്പുറം, മഞ്ചേരി, കുറ്റിപ്പുറം സബ് രജിസ്ട്രാർ ഓഫീസുകളിലായിരുന്നു പരിശോധന.

**********************************************************************

## ആലപ്പുഴ (ഇൻട്രോ)

ആറുമാസം പ്രായമായ കുഞ്ഞുങ്ങളുടെ ശരിയായ വളർച്ചയും സമഗ്ര വികാസവും ഉറപ്പാക്കുന്നതിന് ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 'ഹാഫ് ബർത്ത്ഡേ' എന്ന പേരിൽ പുതിയ പദ്ധതിക്ക് തുടക്കമായി. പിറന്നാളാഘോഷത്തിന് സമാനമായ ചടങ്ങുകളോടെയാണ് പരിപാടി സംഘടിപ്പിക്കുക.

ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ.രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.**

**(വോയിസ്......)**

***********************************

*****************************************************************************************************

RNU TVPM